**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4593** 28.6.2013-ൽ മറുപടിക്ക്

**നഗരസഭകളുടെ സമഗ്രവികസനത്തിനായി പി. പി. പി. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.സി.വിഷ്ണുനാഥ്<br>,, സണ്ണി ജോസഫ്<br>,, വി.റ്റി.ബൽറാം<br>,, വർക്കല കഹാർ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | നഗരസഭകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സമഗ്രവികസനം ഉറപ്പാക്കുന്നതിനും പി.പി.പി പദ്ധതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) | കേരളത്തിലെ നഗരങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നഗരവികസന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതു മുഖേന നഗരങ്ങളിലെ പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതോടൊപ്പം നഗരസഭകളുടെ വരുമാന വർദ്ധനവും പ്രതീക്ഷിക്കുന്നു. |
| സി) | ഏതെല്ലാം ഏജൻസികളെയാണ് ഇതിനായി സഹകരിപ്പിക്കുന്നത് ; | സി) | ഏജൻസികളെ തീരുമാനിച്ചിട്ടില്ല. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഡി) | ഇതിനായി പി.പി.പി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുകയും സംരംഭകരെ കണ്ടെത്തുന്നതിന് ഒരു നിക്ഷേപക സംഗമം ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കുന്നതിനു മുന്നോടിയായി നഗരസഭാ ഭരണാധികാരികൾക്കും സെക്രട്ടറിമാർക്കും മുനിസിപ്പൽ എഞ്ചിനീയർമാർക്കും ഒരു ഏകദിന പരിശീലന പരിപാടി തിരുവനന്തപുരത്ത് വച്ച് ജൂൺമാസത്തിൽ നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ